**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1197** **12-02-2025 - ൽ മറുപടിയ്ക്ക്**

**കല്ലടക്ക ചെർക്കള റോഡിന്റെ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് മണ്ഡലത്തിലെ കല്ലടക്ക ചെർക്കള റോഡ് ഇപ്പോൾ ഗതാഗതയോഗ്യമാണോ എന്ന് വ്യക്തമാക്കാമോ; | (എ) | ഗതാഗതയോഗ്യമാണ് |
| (ബി) | ഈ റോഡിൽ ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ കാലയളവിലാണ് പ്രസ്തുത പ്രവൃത്തികൾ നടത്തിയതെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത റോഡിൽ അടുക്കസ്ഥല മുതൽ ഉക്കിനടുക്ക വരെ (കി.മീ.23/000 മുതൽ കി.മീ.33/000 വരെ) ഉള്ള ഭാഗം കിഫ്ബി ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുള്ളതാണ്. ഈ ഭാഗത്ത് 2019 മുതൽ നാളിതുവരെയും 21.92 കോടി രൂപ കരാറുകാരന് അനുവദിച്ചു നൽകിയിട്ടുണ്ട്. ഉക്കിനടുക്ക മുതൽ ചെറുക്കള വരെ (കി.മീ. 33/000 മുതൽ കി.മീ. 52/194 വരെ) ഉള്ള ഭാഗത്ത് 2019 മുതൽ നാളിതുവരെയും 27.87 കോടി രൂപ കരാറുകാരന് അനുവദിച്ചു നൽകിയിട്ടുണ്ട് |
| (സി) | പ്രസ്തുത റോഡിൽ ഏതെല്ലാം പ്രവൃത്തികളാണ് ഇനി ചെയ്യാനിരിക്കുന്നതെന്നും അവശേഷിക്കുന്ന പ്രവൃത്തികൾക്ക് എത്ര തുക വേണ്ടി വരുമെന്നും വ്യക്തമാക്കാമോ; | (സി) | പ്രസ്തുത റോഡിൽ ബി സി ലെയർ പ്രവൃത്തികളും സുരക്ഷാ പ്രവൃത്തികളുമാണ് പൂർത്തീകരിക്കാനുള്ളത്. ഇതിനു പുറമെ ആവശ്യകത കണക്കിലെടുത്ത് കൂടുതൽ ഡ്രെയ്നേജ് പ്രവൃത്തികളും സംരക്ഷണ ഭിത്തികളുടെ പ്രവൃത്തികളും ഉൾപ്പെടുത്തി 32.74 കോടി രൂപയുടെ പുതിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതിനൽകിയതിനുശേഷം സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |
| (ഡി) | അവശേഷിക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നും അതിന് ഭരണാനുമതി എപ്പോൾ ലഭ്യമാക്കുമെന്നും വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത റോഡിൽ ബി സി ലെയർ പ്രവൃത്തികളും സുരക്ഷാ പ്രവൃത്തികളുമാണ് പൂർത്തീകരിക്കാനുള്ളത്. ഇതിനു പുറമെ ആവശ്യകത കണക്കിലെടുത്ത് കൂടുതൽ ഡ്രെയ്നേജ് പ്രവൃത്തികളും സംരക്ഷണ ഭിത്തികളുടെ പ്രവൃത്തികളും ഉൾപ്പെടുത്തി 32.74 കോടി രൂപയുടെ പുതിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതിനൽകിയതിനുശേഷം സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് പുതുക്കിയ |

| | | | |
|---|---|---|---|
| | | | സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ